# 48. കാശ്മീർ

ഉഗ്രവാദത്തിന് പിന്തുണ നല്കാത്ത അകാലി പാർട്ടി അധികാരത്തിൽ വന്നതോടെ പഞ്ചാബ്സംസ്ഥാനത്തിലെ ആഭ്യന്തരപ്രശ്നങ്ങളുടെ പിരിമുറുക്കം അയഞ്ഞുതുടങ്ങിയതായി കരുതാം. അസമിലെ പ്രശ്നം ഇനിയങ്ങോട്ട് പരിഹരിക്കപ്പെടാനിരിക്കുന്നതേയുള്ളു. 1971-നുശേഷം ബാംഗ്ലാദേശിൽനിന്നു നുഴഞ്ഞുകയറിയ വിദേശികളെ എങ്ങനെ തിരിച്ചയയ്ക്കുമെന്നതാണ് ഈ പ്രശ്നത്തിന്റെ കാതലായ ഭാഗം. ബാംഗ്ലാദേശിൽനിന്ന് ഒരൊററ ആളും ഇന്ത്യയിലേക്ക് കളവായി കടന്നുപോയിട്ടില്ലെന്നും, അതിനാൽ ഒരാളെയും തങ്ങൾ തിരിച്ചെടുക്കുകയില്ല എന്നുമാണ് ഇപ്പോഴും ബാംഗ്ലാദേശിലെ പട്ടാളഭരണകൂടത്തിന്റെ നിലപാട്. മേലിൽ നുഴഞ്ഞുകയററം അസാധ്യമാക്കമാറ് ബാംഗ്ലാദേശിന്റെയും ഇന്ത്യയുടെയും അതിർത്തിയിലൊരു മുൾക്കമ്പിവേലി ഉയർത്തുന്നതിനും ബാംഗ്ലാദേശ് സർക്കാർ എതിരാണ്. പ്രശ്നം അങ്ങനെ അവശേഷിക്കുമ്പോഴും, സർക്കാരിനെതിരായ ജനകീയസമരം അസമിൽ അവസാനിച്ചിരിക്കുകയാണ്. പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ മുൻകൈയിനു നാം നന്ദി പറയുക!

പഞ്ചാബും അസമും അങ്ങനെ കൺവെട്ടത്തുനിന്നു തത്കാലത്തേക്കെങ്കിലും നീങ്ങിപ്പോയ നിലയ്ക്ക്, കുറേക്കാലമായി നീറിപ്പുകഞ്ഞുകൊണ്ടിരിക്കുന്ന കാശ്മീരിന്റെ പ്രശ്നങ്ങളിലേക്ക് ഇനി കേന്ദ്രഗവണ്മെൻറിന്റെ അടിയന്തരശ്രദ്ധ പതിയുമെന്നു വിശ്വസിക്കാം.

കാശ്മീരിലുള്ളത് ഒരു അന്താരാഷ്ട്രീയപ്രശ്നവും, അതുമായി ബന്ധപ്പെട്ട ഒരാഭ്യന്തരപ്രശ്നവുമാകുന്നു. അയൽരാജ്യങ്ങളായ പാകിസ്ഥാനും ചൈനയുമായുള്ള ഇന്ത്യയുടെ ബന്ധങ്ങൾ മൂർത്തമായ സംഘർഷരൂപം കൈക്കൊണ്ടിട്ടുള്ളത് കാശ്മീരിലാണ്.

ഇന്ത്യ സ്വാതന്ത്ര്യം നേടുന്ന അവസരത്തിൽ നിലവിലുണ്ടായിരുന്ന കാശ്മീർനാട്ടുരാജ്യത്തിൽ, കാശ്മീർ താഴ്വാരത്തിനുപുറമേ, ജമ്മു, പൂംഛ്, ലഡാക്, ബാൾട്ടിസ്ഥാൻ, ദർദിസ്ഥാൻ, മുസഫറാബാദ്, മീർപുർ മുതലായ ഭാഷാപരമായും ഭൂമിശാസ്ത്രപരമായും ജനവർഗപരമായും അത്യന്തം വിഭിന്നങ്ങളായ, ഒട്ടേറെ പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നു. ഈ പ്രദേശങ്ങളിൽ പലതും ഇപ്പോൾ 'ആസാദ് കാശ്മീർ' എന്ന പേരിൽ പാകിസ്ഥാന്റെ ഭാഗമായിത്തീർന്നിരിക്കുകയാണ്. 'അക്സായി ചീൻ' എന്ന വിപുലമായ പ്രദേശം ചൈന കയ്യടക്കിയിരിക്കുന്നു. ഗിൽഗിററിനും അക്സായി ചീനിനുമിടയ്ക്കുള്ള കുറേ പ്രദേശം പാകിസ്ഥാൻ പിടിച്ചടക്കി ചൈനയ്ക്കു സമ്മാനിച്ചിട്ടുമുണ്ട്. പാകിസ്ഥാന്റെ തലസ്ഥാനമായ ഇസ്ലാമാബാദിൽനിന്ന് മുസഫറാബാദ്, ഗിൽഗിററ് എന്നീ പ്രദേശങ്ങളെ തൊട്ടുകൊണ്ടു പോകുന്ന കാറക്കോറം ഹൈവേയിൽനിന്ന് ഒരു റോഡ് അക്സായിചീൻ മുറിച്ചുകടന്ന് തിബത്തിന്റെ തലസ്ഥാനമായ ല്ഹാസയിലേക്കു നീണ്ടുകിടക്കുന്നു. അത്യന്തം സൈനികപ്രാധാന്യമുള്ള ഈ മലമ്പാതകൾ പാകിസ്ഥാനും ചൈനയ്ക്കും തിബത്തിനും ഇടയ്ക്ക് കരയിലൂടെയുള്ള വാണിജ്യ—സൈനികസമ്പർക്കം സുഗമമാക്കിയിരിക്കുന്നു. പഴയ കാശ്മീർ നാട്ടുരാജ്യത്തിന്റെ ഭൂപ്രദേശത്തിൽ മൂന്നിൽ രണ്ടു ഭാഗത്തോളം ഇപ്പോൾ പാകിസ്ഥാന്റെയും ചൈനയുടെയും നിയന്ത്രണത്തിലാണ്.

ഇന്ത്യയുടെയും ചൈനയുടെയും സൈന്യങ്ങൾ തമ്മിൽ ഈ പ്രദേ

ശത്തു് ഏററുമുട്ടലുകളൊന്നും ഇപ്പോൾ നടക്കുന്നില്ല. എന്നാൽ, പാകിസ്ഥാനും ഇന്ത്യയും ഇടയിലുള്ള 'യുദ്ധവിരാമരേഖ'യിൽ ഇരുവശത്തുനിന്നും കൂടെക്കൂടെ വെടിവെയ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ശ്രീനഗറിനും ലഡാക്കിലെ 'ലേ' എന്ന നഗരത്തിനും മധ്യത്തിലുള്ള 'കാർഗിൽ' എന്ന പ്രദേശത്തു് ഒക്ടോബർമാസത്തിന്റെ ആദ്യത്തിൽ പാകിസ്ഥാൻ പടയാളികൾ അതിർത്തി കടന്നു് ആക്രമിച്ചു് ഏതാനും ഇന്ത്യൻ ഭടന്മാരെ കൊന്നതു് ഇന്ത്യൻ പത്രങ്ങളിൽ പരക്കെ റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നു. ലഡാക്കിന്റെ വടക്ക്, ചൈനയ്ക്കു് പാകിസ്ഥാൻ വിട്ടുകൊടുത്ത വിശാല പ്രദേശത്തിനടുത്തുള്ള 'സിയാച്ചെൻ' എന്ന മഞ്ഞുപാറ (ഗ്ലേഷിയർ) ആണു് ഇന്ത്യാ–പാക് ഏററുമുട്ടലിന്റെ മറെറാരു രംഗം. ഒരു കൊല്ലത്തോളമായി ഈ മഞ്ഞുപാറയിൽ നടന്നുവരുന്നതു് ഒരു ചെറിയ 'യുദ്ധം' തന്നെയാണ്. ഇരുഭാഗത്തുള്ളവരും ഈ 'യുദ്ധ'ത്തിൽ വിമാനങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. 'പെട്ടെന്നാണ്', കഴിഞ്ഞ ആണ്ടിൽ, ഇന്ത്യക്കാർ ഈ പ്രദേശം അവകാശപ്പെട്ടു. ഇതൊരു മഞ്ഞുപാറ മാത്രമാണ്. ഇവിടെ ഒരു പുല്ലോടിപോലും മുളയ്ക്കുന്നില്ല. എങ്കിലും, മനുഷ്യർ മാനശാലികളാണല്ലോ. ഇന്ത്യക്കാർ ഈ മഞ്ഞുപാറ വിട്ടുതരില്ല; പാകിസ്ഥാൻ അതു വിട്ടുകൊടുക്കുകയുമില്ല' എന്നു് ഈ പ്രദേശത്തിൽ നിലവിലുള്ള തർക്കത്തെപ്പററി പാകിസ്ഥാൻ സൈനികഭരണാധികാരി സിയാ ഉൽ ഹക്ക് പ്രസ്താവിച്ചിട്ടുണ്ട്. ഇന്ത്യൻ പാർലമെൻറിലും 'സിയാച്ചെൻ' മഞ്ഞുപാറയിലെ സംഘർഷം ചർച്ചചെയ്യപ്പെടുകയുണ്ടായി. 'സിയാച്ചെൻ' പ്രദേശം ഇന്ത്യയ്ക്കു വിട്ടുകൊടുത്തതിനു് സിയാ ഉൽ ഹക്കിനെ മിസ് ബേനസീർ ഭൂട്ടോ കുററപ്പെടുത്തിയിട്ടുമുണ്ട്.

ചുരുക്കത്തിൽ, ഇന്ത്യയും പാകിസ്ഥാനുമിടയ്ക്കു് യുദ്ധവുമില്ല, സമാധാനവുമില്ല എന്നതാണ് കാശ്മീർ യുദ്ധവിരാമരേഖയിൽ ഇന്നത്തെ നില. ഇന്ത്യൻ കാശ്മീരിനുമേലുള്ള അവകാശവാദം പാകിസ്ഥാൻ പരസ്യമായി ഉപേക്ഷിക്കുമെങ്കിൽ, ഇപ്പോഴുള്ള യഥാർത്ഥ യുദ്ധവിരാമരേഖയിൽവെച്ചു് കാശ്മീരിനെ വിഭജിക്കുവാനും, ആ അടിസ്ഥാനത്തിൽ പാകിസ്ഥാനുമായി ഒരു ഒത്തുതീർപ്പുണ്ടാക്കുവാനും ഇന്ത്യ എത്രയോമുമ്പുതന്നെ തയ്യാറായിരുന്നു. പക്ഷേ, കാശ്മീർ താഴ്വാരം എങ്ങനെയും ഇന്ത്യയിൽനിന്നു് അടർത്തിയെടുത്തു് പാകിസ്ഥാനിൽ ലയിപ്പിക്കുമെന്ന വാശി പാകിസ്ഥാൻ മുറുകെപ്പിടിച്ചിരിക്കുകയാണ്. കാശ്മീരിൽ ഒരു ജനഹിതപരിശോധനവഴി ഈ ലക്ഷ്യം നേടാമെന്നു് പാകിസ്ഥാൻ കരുതുന്നു. കാശ്മീർ പാകിസ്ഥാനിൽ ലയിപ്പിക്കണമെന്ന പരസ്യമായി വാദിക്കുന്നവർ ഇപ്പോഴും കാശ്മീർ താഴ്വരയിൽ ധാരാളമുണ്ട്. 'ജമായത്തേ ഇസ്ലാമി' എന്ന സംഘടനയും അതിന്റെ വിദ്യാർത്ഥിവിഭാഗമായ 'ജമായത്തേ തുൽബ'യും കാശ്മീർ താഴ്വര പാകിസ്ഥാനിൽ ചേർക്കുന്നതിനുവേണ്ടി തുടർച്ചയായി പ്രക്ഷോഭണം നടത്തിവരികയാണ്. മഹസ്–എ–ആസാദി, കാശ്മീർ ലിബറേഷൻ ഫ്രണ്ട് തുടങ്ങി വേറെയും ഏതാനും സംഘടനകൾ ഇതേ ലക്ഷ്യം മുൻനിർത്തി കാശ്മീർ താഴ്വരയിൽ പ്രവർത്തിക്കുന്നു. പാകിസ്ഥാനിൽ ആയുധപരിശീലനം നേടിയ ഇവരുടെ ഭീകരപ്രവർത്തകർ താഴ്വരയിൽ പലപ്പോഴും അട്ടിമറിപ്രവർത്തനങ്ങൾ നടത്താറുണ്ട്. ഇവരിൽ ചിലർ ഇന്ത്യൻ വിമാനങ്ങൾ തട്ടിയെടുത്തു് പാകിസ്ഥാനിൽ ഇറക്കിയിട്ടുണ്ട്. ബ്രിട്ടനിൽ ഇന്ത്യൻ വിദേശകാര്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ തട്ടിക്കൊണ്ടുപോയി കൊന്നതു് ഇവരാണ്. ഇക്കഴിഞ്ഞ ആഗസ്റ്റ് 14–ാം തീയതി, പാകിസ്ഥാൻ ദേശീയദിനാഘോഷത്തിന്റെ ഭാഗമായി, കാശ്മീർ താഴ്വരയിൽ പലേടത്തും ഇവർ പാകിസ്ഥാൻ പതാകകൾ ഉയർത്തുകയുണ്ടായി. കാശ്മീർ പ്രശ്ന

ത്തിന്റെ അന്താരാഷ്ട്രീയവശത്തിലേക്കു വെളിച്ചം വീശുന്നവയാണ് ഈ സംഭവങ്ങൾ.

ഈ അന്താരാഷ്ട്രീയവശമാണ് കാശ്മീർപ്രശ്നത്തിന്റെ ദേശീയ വശത്തെ അത്യന്തം ഗൗരവമുള്ളതാക്കിത്തീർക്കുന്നത്. അന്താരാഷ്ട്രീയ പ്രശ്നങ്ങൾ അന്തർഭവിക്കുന്നില്ലെങ്കിൽ, കാശ്മീർപ്രശ്നത്തെ ഒരു പാർട്ടിയുടെ ആഭ്യന്തരപ്രശ്നമായോ, ഒരു കുടുംബത്തിലെ ആഭ്യന്തര കലഹമായോ ചുരുക്കി കാണാമായിരുന്നു

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ്, നാട്ടുരാജ്യങ്ങളിലെ ആഭ്യന്തരകാര്യങ്ങളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേരിട്ട് ഇട പെട്ടിരുന്നില്ല നാട്ടുരാജ്യങ്ങളിൽ ഉത്തരവാദിത്തഭരണപ്രക്ഷോഭണത്തിനു വ്യത്യസ്ത സംഘടനകൾ രൂപവത്കരിക്കുകയാണ് അന്ന് കോൺഗ്രസ്സുകാർ ചെയ്തത്. തിരുവിതാംകൂർ സ്റ്റേററ് കോൺഗ്രസ്, കൊച്ചി പ്രജാമണ്ഡലം മുതലായവ ഉത്തരവാദിത്തഭരണപ്രക്ഷോഭണത്തിനുവേണ്ടി നാട്ടുരാജ്യങ്ങളിൽ കോൺഗ്രസ്സുകാർ ഉണ്ടാക്കിയ സംഘടനകളാണല്ലോ. ഇതുപോലെ, കാശ്മീരിൽ ഉത്തരവാദിത്തഭരണപ്രക്ഷോഭണത്തിനുവേണ്ടി ശേഖ് അബ്ദുള്ളയുടെ നേതൃത്വത്തിൽ രൂപംകൊണ്ട സംഘടനയാണ് കാശ്മീർ നാഷണൽ കോൺഫറൻസ്. സ്വാതന്ത്ര്യപ്പിറവിയിൽ പാകിസ്ഥാന്റെ പട്ടാളവും വടക്കുപടിഞ്ഞാറൻ അതിർത്തിയിലെ ഗോത്രവർഗ്ഗങ്ങളും കാശ്മീർ താഴ്വരയെ ആക്രമിച്ചപ്പോൾ ശേഖ് അബ്ദുള്ള ഇന്ത്യയുടെ ഭാഗത്തു് ഉറച്ചുനിന്നു; ഇന്ത്യയുമായി കാശ്മീരിന്റെ സംയോജനം അന്തിമവും പൂർണവുമാണെന്നു പ്രഖ്യാപിക്കുകയുംചെയ്തു. എങ്കിലും, മററ് ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നു വ്യത്യസ്തമായി പല പ്രത്യേക പദവികളും കാശ്മീർ സംസ്ഥാനത്തിനുണ്ടാവണമെന്ന് ശേഖ് അബ്ദുള്ള ശഠിച്ചു ജവാഹർലാൽ നെഹ്റു ഔദാര്യപൂർവ്വം ഈ അവകാശ വാദങ്ങൾക്കു വഴങ്ങിക്കൊടുത്തു. പല വർഷങ്ങളോളം കാശ്മീർ മുഖ്യമന്ത്രി അറിയപ്പെട്ടിരുന്നത് 'പ്രധാനമന്ത്രി' എന്നാണ്. ഇന്ത്യൻ പാർലമെന്റ് ഉണ്ടാക്കുന്ന നിയമങ്ങൾ കാശ്മീരിൽ നടപ്പിൽവരുത്തണമെങ്കിൽ അതിനു് പ്രത്യേക നടപടികൾ ആവശ്യമുണ്ട്. കാശ്മീരികളല്ലാത്ത ഇന്ത്യൻ പൗരന്മാർക്ക് കാശ്മീരിൽ ഭൂസ്വത്തു് വാങ്ങിക്കൂടാ. ഇതുപോലെ പല കാര്യങ്ങളിലും കാശ്മീർ അതിന്റെ വ്യതിരിക്തത ഇപ്പോഴും നിലനിർത്തിപ്പോരുന്നു.

തുടക്കത്തിൽ തികഞ്ഞ ദേശീയവാദിയായിരുന്നുവെങ്കിലും ശേഖ് അബ്ദുള്ള പിന്നീട്, കാശ്മീർ ഒരു സ്വാതന്ത്ര പരമാധികാര രാഷ്ട്രമായിത്തീരുന്നതും, അവിടെ പരമാധികാരികളായി തന്റെ പിൻമുറക്കാർ വാഴുന്നതും സ്വപ്നം കാണാൻ തുടങ്ങിയതായി പറയപ്പെടുന്നു. ഏതായാലും, അധികാരഭ്രഷ്ടനായി ശേഖ് കുറെക്കാലം ജയിലിൽ കഴിഞ്ഞുകൂടി. പിൽക്കാലത്തു് ഇന്ദിരാഗാന്ധി ശേഖിനെ ജയിലിൽനിന്നു വിട്ടുകയും, ദേശീയജീവിതത്തിന്റെ മുഖ്യധാരയിലേക്ക് അദ്ദേഹത്തെ പുനരാനയിക്കുകയുംചെയ്തു ഇതുനിമിത്തം, ശേഖിന്റെ ശവകുടീരം കാശ്മീരിൽ വിഘടനവാദികളുടെ മക്കയായി മാറാതെ കഴിഞ്ഞു

ശേഖിന്റെ പുത്രനായ ഫാറൂഖ് അബ്ദുള്ളയും, പുത്രീഭർത്താവായ ജി. എം. ഷായും തമ്മിൽ അധികാരത്തെച്ചൊല്ലി നടക്കുന്ന വടംവലിയാണ് കാശ്മീർ സ്റ്റേററിലെ ഇപ്പോഴത്തെ പ്രമുഖമായ ആഭ്യന്തരപ്രശ്നം. ശേഖിന്റെ ഉത്തരാധികാരിയെന്ന നിലയിൽ നാഷണൽ കോൺഫറൻസ് സംഘടനയുടെ നേതാവും കാശ്മീർ മുഖ്യമന്ത്രിയുമായിത്തീർന്ന ഫാറൂഖ് അബ്ദുള്ള ഇന്ദിരാഗാന്ധിക്കെതിരെ പ്രതിപക്ഷപാർട്ടികളെ അണിനിരത്തുന്നതിനു് കുറെക്കാലം നേതൃത്വം നൽകുകയുണ്ടായി. ഇതിന്റെ ഫലമാണ് നാഷനൽ കോൺഫറൻസ് പാർട്ടിയിലുണ്ടായ പി

ളർപ്പ്. പിളർന്നു പുറത്തുവന്ന ജി. എം. ഷായും അനുയായികൾക്കും മന്ത്രിസഭയിൽ ചേരാതെ കോൺഗ്രസ് എം. എൽ. എ.മാർ പുറമെനിന്നു പിന്തുണ നൽകുകയാണുണ്ടായതു്.

അഴിമതി, കാര്യപ്രാപ്തിയില്ലായ്മ, ഇന്ത്യാവിരുദ്ധശക്തികൾക്ക നല്കുന്ന പ്രോത്സാഹനം— അങ്ങനെ ഷാ മന്ത്രിസഭയ്ക്കെതിരെ പല ആരോപണങ്ങളുമുണ്ട്. കോൺഗ്രസ് പാർട്ടി നൽകുന്ന പിന്തുണ പിൻവലിക്കേണ്ട താമസം, ഷാ മന്ത്രിസഭ നിലംപതിക്കും. ഷാ മന്ത്രിസഭ പിരിച്ചുവിട്ടു കുറച്ചു കാലത്തേക്കു കാശ്മീരിൽ ഗവർണർഭരണം ഏർപ്പെടുത്തണമെന്നും പിന്നീട് യഥാകാലം തെരഞ്ഞെടുപ്പു നടത്തണമെന്നും ഫാറൂഖ് അബ്ദുള്ള ആവശ്യപ്പെടുന്നുണ്ട്. മുഖ്യമന്ത്രി ഷായുമായി പല കാര്യങ്ങളിലും അഭിപ്രായവ്യത്യാസമുള്ള കാശ്മീർ ഗവർണർ ജഗ്മോഹന്റെ ശ്രദ്ധപാർശ്വയും അതുതന്നെയാണെന്നു പറയപ്പെടുന്നു. അതേസമയം, കാശ്മീരിൽ ഇന്നത്തെ നില അത്രവളരെ മോശമൊന്നുമല്ലെന്നാണു മുഖ്യമന്ത്രി ഷായുടെയും അനുയായികളുടെയും നിലപാട്. അതിർത്തിയിലെ സംഘർഷാവസ്ഥ പരിഗണിക്കുമ്പോൾ, കാശ്മീരിൽ മന്ത്രിസഭ പിരിച്ചുവിട്ട് ഒരു അനിശ്ചിതാവസ്ഥ നിലവിൽ വരുത്തുന്നതു് എത്രത്തോളം ആശാസ്യമായിരിക്കുമെന്ന കാര്യത്തിൽ വ്യത്യസ്താഭിപ്രായങ്ങൾ ഉണ്ടാകാതെ വയ്യ.

അധികാരഭ്രംശത്തിനുശേഷം ഫാറൂഖ് അബ്ദുള്ള കുറെയേറെ പക്വത നേടിയതായി തോന്നുന്നുണ്ട്. കേന്ദ്രവുമായി സഹകരിച്ച് അഴിമതിയില്ലാത്ത ഒരു ഭരണം സ്റ്റേറ്റിൽ നിലവിൽവരുത്തണമെന്നതാണ് തന്റെ ലക്ഷ്യമെന്ന് ഇപ്പോൾ അദ്ദേഹം തുറന്നുപറയുന്നുണ്ട്. പ്രഗത്ഭയായ, ശേഖ് അബ്ദുള്ളയുടെ വിധവയ്ക്ക് തന്റെ മകനും മരുമകനും തമ്മിലുള്ള അഭിപ്രായഭിന്നതകൾ പറഞ്ഞൊതുക്കുവാൻ കഴിഞ്ഞേക്കുമെന്ന ആശയും ചിലർക്കെങ്കിലും ഇല്ലാതില്ല.

ഇന്ത്യയിലെ ദാരിദ്ര്യബാധിതപ്രദേശങ്ങളിൽ ഒന്നായിരുന്ന കാശ്മീർ, സ്വാതന്ത്ര്യലബ്ധിക്കുശേഷം കേന്ദ്രഗവണ്മെന്റ് നൽകിയ ഉദാരമായ സാമ്പത്തികസഹായത്തിന്റെ ഫലമായി, ഇന്ത്യയിലെ സമ്പന്നപ്രദേശങ്ങളിലൊന്നായി മാറിയിട്ടുണ്ട്. ആപ്പിൾകൃഷികൊണ്ട് സമൃദ്ധി ആർജിച്ച, ശ്രീനഗറിനടുത്തുള്ള, 'നൗപുര' എന്ന ഗ്രാമത്തെപ്പറ്റിയുള്ള താഴെ ചേർത്ത വിവരണം, കാശ്മീർ താഴ്‌വരയിലെ മറ്റു പല ഗ്രാമങ്ങൾക്കും ചേരും: 'പന്ത്രണ്ടു വർഷംമുമ്പ് ഈ ഗ്രാമത്തിൽ മൺകുടിലുകളേ ഉണ്ടായിരുന്നുള്ളു. ഇന്നിവിടെ എല്ലാവർക്കുമുണ്ട് കാറും ടെലിഫോണും ടെലിവിഷൻ സെറ്റും. ആപ്പിൾകൃഷി ഞങ്ങൾക്ക് സമൃദ്ധി നൽകി. കിട്ടിയ പണം ഞങ്ങൾ ഉപയോഗിക്കുന്നതു് കൂടുതൽ ആപ്പിൾത്തോട്ടങ്ങൾ ഉണ്ടാക്കാനാണ്.' (ഫ്രണ്ട്‌ലൈൻ, ഒക്ടോബർ 5–18). കൃഷിക്കു പുറമെ, കുടിൽവ്യവസായങ്ങളും കാശ്മീരിൽ വളരെയധികം വളർച്ച നേടിയിട്ടുണ്ട്.

എങ്കിലും, ആധുനികവിദ്യാഭ്യാസം നേടിയ, തൊഴിലില്ലാത്ത ഏറെ യുവജനങ്ങൾ കാശ്മീരിലുണ്ട്. ഇവർക്കെല്ലാം വേണ്ടതു് സർക്കാർ ഉദ്യോഗങ്ങളാണ്. അവ കിട്ടാതെവരുമ്പോൾ ഈ യുവാക്കളിൽ കുറെപ്പേരെങ്കിലും അക്രമമാർഗങ്ങളിലേക്കു തിരിയുകയെന്നതു സ്വാഭാവികം മാത്രമാകുന്നു. രാഷ്ട്രീയമായ അസ്ഥിരതയും അതിർത്തിക്കപ്പുറത്തുനിന്നുള്ള പ്രലോഭനങ്ങളുംകൂടിയാകുമ്പോൾ, ഈ യുവാക്കളിൽ പലരും പ്രക്ഷോഭകാരികളോ, ഉഗ്രവാദികളോ ഒക്കെയായി മാറുന്നു. മൊറോക്കോ മുതൽ മലയവരെയുള്ള വിശാലമായ ഭൂപ്രദേശത്തു് ശക്തി നേടിവരുന്ന ഇസ്‌ലാമിക് ഫണ്ടമെന്റലിസം ഇവരുടെ ഉഗ്രവാദത്തിനു മതപരമായ ഒരു പ്രഭാവലയം സമ്മാനിക്കുകയുംചെയ്യുന്നു.

കാശ്മീരിൽ സ്ഥിതി സാധാരണമട്ടിലാക്കുകയും, ബഹുജനപ്രാ

തിനിധ്യമുള്ള സർക്കാരിൻെറ വ്യവസ്ഥാപിതരേണം നിലനിർത്തുകയും ചെയ്യേണ്ടതു് ഈ പശ്ചാത്തലത്തിൽ, പരമപ്രധാനമാകുന്നു. പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ ശ്രദ്ധ താമസിയാതെ ഈ പ്രശ്നത്തിൽ പതിയുമെന്നാണു വിശ്വസിക്കപ്പെടുന്നതു്.

8 ഒക്ടോബർ, 1985

## 49. ഗംഗ മരിക്കാതിരിക്കാൻ

വിന്ധ്യപർവതംമുതൽ ഹിമാലയപർവതംവരെയുള്ള വിശാലമായ ആര്യാവർത്തസമതലം മുഴുവൻ ഗംഗയുടെ സംഭാവനയാണു്. ഗംഗയും, ഗംഗയുടെ പരശ്ശതം പോഷകനദികളുമാണു് ഈ ഭൂപ്രദേശത്തു് ജീവിതം സാധ്യമാക്കിയിട്ടുള്ളതു്. രണ്ടായിരത്തഞ്ഞൂററി ഇരുപത്തഞ്ചു് കിലോമീററർ നീളമുള്ള ഗംഗ അതിൽ പകുതിയിലേറെ ദൂരം ഉത്തരപ്രദേശിലും തുടർന്നു് ബീഹാറിലും ബംഗാളിലും ഒഴുകുന്നു. ഏഴു സ്റ്റേററുകളിലെ ഒമ്പതു ലക്ഷം ചതുരശ്രകിലോമീററർ സ്ഥലത്തിനു് ഗംഗാജലം ഫലപുഷ്ടി നൽകുന്നു. യമുന, ശാരദ, സരയൂ, ഘഗ്ര, ഗണ്ഡക്, ശോണം, സപ്തകോശി, ബ്രഹ്മപുത്ര എന്നീ ഗംഗയുടെ പോഷകനദികളോരോന്നും ഓരോ വലിയ ജലനിർഗമവ്യവസ്ഥകളാണു്. ചംബൽ, വേത്രവതി മുതലായി എത്രയോ പോഷകനദികൾ യമുനയ്ക്കുണ്ടു്. ഗംഗാകനാൽ, ശാരദാകനാൽ എന്നിവ ദക്ഷിണേന്ത്യയിലെ വലിയ പുഴകളേക്കാൾ കൂടുതൽ ദൈർഘ്യവും ജലപ്രവാഹവുമുള്ളവയാണു്. ജലസേചനത്തിനെ പോലെ വിദ്യുച്ഛക്ത്യുല്പാദനത്തിനും ഇവ ഉപകരിക്കുന്നു. ആഭ്യന്തരഗതാഗതത്തിനും വലിയ തോതിൽ നാം ഈ നദികളെയും തോടുകളെയും ആശ്രയിക്കുന്നു. ഈ നദികളുടെ തീരത്താണു് ഭാരതീയസംസ്കാരം തഴച്ചു വളർന്നതു്. ഗംഗയെ മാതാവായി, ഈശ്വരിയായി, പതിതപാവനിയായി, ഇന്ത്യക്കാർ ആരാധിച്ചുവന്നുവെങ്കിൽ അതിൽ അത്ഭുതമില്ല.

'ആ ഗംഗാനദി മരിച്ചുകൊണ്ടിരിക്കുകയാണു്. ഹിമാലയാധിത്യകകൾ വിട്ടു് ഗംഗ സമതലത്തിലേക്കിറങ്ങുന്ന ഹരിദ്വാരം മുതൽ ബംഗാൾ ഉൾക്കടലിലെ 'സംഗമം'വരെ, നഗരങ്ങളിലെയും വ്യവസായശാലകളിലെയും മാലിന്യങ്ങൾ മുഴുവൻ ഗംഗയിലാണു് നിക്ഷേപിക്കപ്പെടുന്നതു്. ലോകത്തിലെ മിക്ക നദികളിലും ഇന്നു് വ്യാവസായിക മാലിന്യങ്ങൾ കലർന്നിട്ടുണ്ടു്. എന്നാൽ, ഗംഗാജലംപോലെ അത്ര അധികം മലിനമാക്കപ്പെടുന്നില്ല മറെറാരു നദിയുടെ ജലവും. ഗംഗാനദിയിൽ ചീഞ്ഞളിഞ്ഞു കലങ്ങുന്നത്ര മനുഷ്യ–മൃഗശവങ്ങൾ മറെറാരു നദിയിലും കലങ്ങുന്നില്ല. മനുഷ്യരുടെ മലമൂത്രങ്ങൾ ഏററവുമധികം നിക്ഷേപിക്കപ്പെടുന്ന നദിയും ഗംഗതന്നെ. ഈ മാലിന്യംമൂലം ഗംഗയിലെ അനന്തമായിരുന്ന മത്സ്യസമ്പത്തു് ക്ഷയോന്മുഖമായിരിക്കുന്നു. ഗംഗയുടെ സവിശേഷതയായിരുന്ന പലതരം നക്രവർഗങ്ങൾ കുററിയററുപോയിരിക്കുന്നു. ചത്തു ചീഞ്ഞുനാറുന്ന ഈ ഗംഗാജലമാണു് കോടിക്കണക്കിനു ജനങ്ങൾ പാർക്കുന്ന നൂറുകണക്കിനു നഗരങ്ങളിൽ വിതരണംചെയ്യപ്പെടുന്നതു്. ഗംഗാനദി മരിക്കുക എന്നതിനർത്ഥം ഇന്ത്യ മരിക്കുക എന്നാണു്.

1975–ൽ ഇന്ത്യാഗവണ്മെൻറ് നിലവിൽ വരുത്തിയ 'ജലപ്രദൂഷണം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള കേന്ദ്രബോർഡ്,' ഗംഗയിലെ മാലിന്യത്തെപ്പററി സമഗ്രമായ ഒരു പഠനം നടത്തുകയുണ്ടായി. ഗംഗാതീരത്തുള്ള പതിന്നാലു സർവകലാശാലകളുടെയും ആറു് ഗവേഷ